LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അച്ചടി വകുപ്പിൻ കീഴിൽ ആകെ 11 ഗവൺമെന്റ് പ്രസ്സുകളാണ് നിലവിലുള്ളത്. ഗവൺമെന്റ് സെൻട്രൽ പ്രസ്, തിരുവനന്തപുരം; സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം; സെൻട്രൽ പ്രിസൺ പ്രസ്സ്, പൂജപ്പുര; ഗവൺമെന്റ് പ്രസ്സ് മണ്ണന്തല, തിരുവനന്തപുരം; ഗവൺമെന്റ് പ്രസ് വാഴൂർ, കോട്ടയം; ഗവൺമെന്റ് പ്രസ്സ് എറണാകുളം; ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ; ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട്; ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ; ഗവൺമെന്റ് പ്രസ്സ്, കൊല്ലം; ഗവൺമെന്റ് പ്രസ്സ്, വയനാട് എന്നീ ഗവൺമെന്റ് പ്രസ്സുകളാണ് നിലവിലുള്ളത്. അതിൽ മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളിൽ വെബ്ഓഫ്സെറ്റ് മെഷീനുകൾ 3 എണ്ണവും കോഴിക്കോട്, ഷൊർണ്ണൂർ, വാഴൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളിൽ റീൽപേപ്പർ ഗോഡൗണുകളും സ്ഥാപിച്ചിട്ടുണ്ട്. പാഠപുസ്തക അച്ചടിക്കും മറ്റും ഇപ്പോഴത്തെ യന്ത്രങ്ങൾ പര്യാപ്തമാണ്. എന്നാൽ സർക്കാർ ലോട്ടറി ടിക്കറ്റുകളുടെ അച്ചടിക്ക് പര്യാപ്തമായ ആധുനിക സംവിധാനങ്ങൾ നിലവിലില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഇല്ല.

ശ്മശാന നിർമ്മാണത്തിന് ഫണ്ട്

199 (3406) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾ ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കി നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് പണം അനുവദിച്ചു എന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

GPM. 2/244/2020-35

ഉത്തരം

(എ) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ജില്ലയിലെ കുണ്ടറ, പത്തനാപുരം എന്നീ ഗ്രാമപഞ്ചായത്തുകൾ ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു.

(ബി) പദ്ധതി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാത്തതിനാൽ കുണ്ടറ, പത്തനാപുരം ഗ്രാമപഞ്ചായത്തുകൾക്ക് യുകയൊന്നും അനുവദിച്ചിട്ടില്ല.

ത്രിതല പഞ്ചായത്തുകളിൽ ക്ഷേമനിധി ബോർഡ്

200 (3407) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഗണിക്കുമോ?

ഉത്തരം

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മാലിന്യ സംസ്കരണത്തിനായി അനുവദിച്ച യുക

201 (3408) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ത്രിതലപഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചതുമായ യുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ സർക്കാർ വിഹിതം എത്രയെന്നും പഞ്ചായത്ത് വിഹിതം എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ത്രിതല പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് 10,200 ലക്ഷം രൂപയാണ്. ഇതിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചതുമായ യുക 5899 ലക്ഷം രൂപയാണ്.

(ബി) 5899 ലക്ഷം രൂപ സർക്കാർ വിഹിതമാണ്. പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വിവരം ശേഖരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly